കേരളീയം
മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്, കൊക്കാലെ, തൃശൂർ-21
ലക്കം 99
ലക്കം 10 • പുസ്തകം 7 • 2005 ഒക്ടോബർ • 1181 തുലാം • പേജ് 52 • വില 15 രൂപ

# ജനങ്ങളുടെ മാനിഫെസ്റ്റോ
# നാളത്തെ കേരളം : ഒരു അഭ്യർത്ഥന

**ഒരു** വലിയ ജനാധിപത്യ പ്രക്രിയ ഇവിടെ നടന്നു. ആയിരക്കണക്കിന് സ്ഥാനാർത്ഥികൾ - കക്ഷികൾ - മുന്നണികൾ - കക്ഷിരഹിതർ ഒക്കെ പയറ്റി. പലരും തോറ്റു. ചിലർ ജയിച്ചു. ജനങ്ങൾ വേണ്ടത്ര പങ്കെടുത്തില്ലെന്ന പരാതി വ്യാപകമാണ്. തൊട്ടറിയുന്ന ഭരണകൂടത്തെ തെരഞ്ഞെടുക്കുമ്പോൾ പോലും ഈ നിസംഗതയെന്തിന് ? വികസനം സംബന്ധിച്ച വാഗ്ധോരണികൾ സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിൽ ഏറെ ഉയർന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വികസനത്തിനാവശ്യമായ അധികാരങ്ങളും വിഭവങ്ങളും ലഭ്യമായിട്ടും ജനങ്ങൾക്ക് യഥാർത്ഥവികസനം നൽകാൻ ആർക്കുമായില്ല. രാഷ്ട്രപതി മുതൽ പഞ്ചായത്തു പ്രസിഡണ്ടുമാർ വരെ വികസന അജണ്ടകൾ അവതരിപ്പിച്ചു. പക്ഷെ ഇതൊന്നും വികസനമാണെന്ന് സമൂഹത്തിൽ വലിയൊരു ഭാഗത്തിനും തോന്നാത്തതെന്തുകൊണ്ട് ? ഇതാണോ കേരളത്തിനുണ്ടാകേണ്ട വികസനം ? വികസനമില്ലെങ്കിലും 'നിലനിൽപ്പ്' എങ്കിലും ഉറപ്പുനൽകാൻ ഭരണകൂടങ്ങൾക്കാകാത്ത അവസ്ഥയല്ലേ ഇന്നുള്ളത്. നാടിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽപ്പിനുവേണ്ടി ജീവന്മരണ പോരാട്ടം നടത്തുന്ന ഒട്ടനവധി ജനവിഭാഗങ്ങളുണ്ട്. ഇവർ എന്തു വികസനമാണ് ആഗ്രഹിക്കുന്നതെന്ന് ആരും ചോദിക്കാറില്ല.

മാസങ്ങൾക്കകം കേരള സംസ്ഥാനത്തെ ഭരണാധികാരികളെ തീരുമാനിക്കാനുള്ള തെരഞ്ഞെടുപ്പുവരുന്നു. എങ്ങനെയായിരിക്കണം നാളത്തെ കേരളം എന്നു തീരുമാനിക്കാൻ ആർക്കാണവകാശം ? കുത്തകപത്രങ്ങളും മാദ്ധ്യമങ്ങളും ഉപരിമദ്ധ്യവർഗവിദഗ്ധരും ഉന്നത ഉദ്യോഗസ്ഥരും രാഷ്ട്രീയനേതൃത്വത്തിലെ സവർണരും ഇവരെയൊക്കെ നയിക്കുന്ന ലോകബാങ്കും ഐഎംഎഫും എഡിബിയുമാണോ ? മറിച്ച് സ്വന്തം ജീവിതം നിലനിർത്താനായി പോരാടുന്ന ജനലക്ഷങ്ങളോ ? കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയരംഗത്ത് ചില പ്രത്യേക ചലനങ്ങൾ നടക്കുന്നുണ്ട്. ഭൂഗർഭജലം ബഹുരാഷ്ട്രക്കുത്തകകൾ കൊള്ളയടിക്കുന്നതു തടയാൻ നിയമം വേണമെന്ന് സമൂഹത്തേയും ഭരണകൂടത്തേയും ബോധ്യപ്പെടുത്തിയത് പ്ലാച്ചിമടയിലെ അർദ്ധ സാക്ഷരരും നിരക്ഷരരുമായ ആദിവാസികളാണ്, പരിസ്ഥിതി നിയമരംഗങ്ങളിലെ വിദഗ്ധരല്ല. വിഭവങ്ങൾക്കുമേൽ അധികാരമെന്ന മുദ്രാവാക്യം ആറാട്ടുപുഴയിലും മുത്തങ്ങയിലും പെരിയാറിലും മലമ്പുഴയിലും (ഹൈവേക്കും മറ്റുമെതിരായി) കേരളമാകെത്തന്നെയും ഉയരുന്നു. സർവ്വകക്ഷി സമവായമുണ്ടായിട്ടു പോലും ഇത്തരം അധിനിവേശ അജണ്ടകൾ നടപ്പാക്കാൻ ഭരണകൂടങ്ങൾക്ക് കഴിയാതെവരുന്നു. ഈ ശക്തികളെ നാം മൂർച്ച കൂട്ടി തിരിച്ചു പ്രയോഗിക്കണം. അവരുടെ അജണ്ടകളെ എതിർക്കുന്നതിനോടൊപ്പം നമ്മുടെ അജണ്ട-മാനിഫെസ്റ്റോ രൂപപ്പെടുത്താൻ നമുക്കാവണം. മുഖ്യധാരാ രാഷ്ട്രീയകക്ഷികളുമായി ഇതു സംബന്ധിച്ച് സംവാദം നടത്താൻ നമുക്കാവുമോ ? അവരുടെ മാനിഫെസ്റ്റോകളിൽ ഈ വിഷയങ്ങൾ ഉൾപ്പെടുത്താനെങ്കിലും കഴിയുമോ ? ചുരുങ്ങിയത് ഇതിനു വേണ്ടി ഒരു കൂട്ടായ ശ്രമം നടത്താനെങ്കിലും നമുക്കാവുമോ ? നമുക്കു ലഭ്യമാക്കാവുന്ന വിവരങ്ങൾ ശേഖരിക്കണം. ഓരോ രംഗത്തും നമ്മുടെ വീക്ഷണമുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് അജണ്ട തയ്യാറാക്കണം. ഇതു പലതരത്തിൽ ചർച്ച ചെയ്യപ്പെടണം. അന്തിമരൂപം 2006 ജനുവരിയിലെങ്കിലും ഉണ്ടാകണം. അത് പരമാവധി കേന്ദ്രങ്ങളിൽ ചർച്ച ചെയ്യപ്പെടണം. അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തണം.

കൃഷി, പരമ്പരാഗ വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ, വൻകിട വ്യവസായങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജം, സാമ്പത്തികമേഖല, ആദിവാസി, ജലം, വനം, ടൂറിസം, ഐ.ടി., തോട്ടം, കൈത്തറി, കശുവണ്ടി, കയർ, മത്സ്യം, നഗര-ഗ്രാമവികസനം, ആദിവാസി, സ്ത്രീ - മേഖലകൾ തുടങ്ങി നിത്യജീവിതത്തെയും നിലനിൽപ്പുള്ള ഭാവിയേയും മെച്ചപ്പെടുത്താൻ സഹായിക്കുന്ന പ്രായോഗിക ബദലുകൾ രൂപപ്പെടുത്താനാവുന്ന ശ്രമങ്ങൾ തുടങ്ങണം. നിലവിൽ ജനകീയ സമരങ്ങളിലും നശീകരണ വികസനത്തിനെതിരായുള്ള പ്രതിരോധങ്ങളിലും ഏർപ്പെടുന്നവരും പലവിധ നിർമ്മാണ മേഖലകളിലുള്ളവരും ഒത്തുപ്രവർത്തിപ്പിക്കണം. ഇപ്പോഴത്തെ നിലനില്പില്ലാത്ത, ഹിംസാത്മകമായ, സാധാരണക്കാരെ ആട്ടിപ്പായിക്കുന്ന വികസനത്തിനു പകരം ഉടനെ നടപ്പാനാകുന്നവയും ഭാവി കണ്ടുള്ളതും രൂപപ്പെടുത്തണം.

ഇതിനായി പല മേഖലകളിലുള്ള വ്യക്തികൾ, സംഘങ്ങൾ, പ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ, പാർട്ടികൾ,... എല്ലാം പദ്ധതികൾ/ആശയങ്ങൾ/സ്വപ്നങ്ങൾ/ബദലുകൾ/ദിശകൾ/നിലപാടുകൾ മുന്നോട്ടുവെയ്ക്കണമെന്ന് പ്രതീക്ഷയോടെ, അഭ്യർത്ഥിക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം താല്പര്യമുള്ളവരുടെ വിപുലമായ കൂടിച്ചേരലുകളും പരിപാടികളും ഉടനെ തുടങ്ങേണ്ടതുണ്ട്. ദയവായി ബന്ധപ്പെട്ടാലും.

കൺവീനർ, വികസന കേരളം അജണ്ട,
C/o. കേരളീയം, കൊക്കാലെ, തൃശൂർ-21

പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ. ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്
സാങ്കേതിക സഹായം : എൻ.ചന്ദ്രൻ, പി.എ.അശോകൻ, പി.ടി.എം.ഹുസൈൻ, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീർ, പൂജ, തോമസ്, എസ്. ലിമ, അജിലാൽ, മധുരാജ്, സി.ആർ. ഗിരീഷ്, എൻ.പി. ജോൺസൺ, ചിറ്റൂർ ഷണ്മുഖദാസ്, വി.എസ്. ഗിരീശൻ സി.ആർ. നീലകണ്ഠൻ, ചന്ദ്രശേഖരൻ, കെ.എ. സമദ്, എസ്. സുനിൽകുമാർ, അഡ്വ. ആശ, മേഘ, ഡോ. ലത